"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി -ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം എൻ.എച്ച്. ബൈപാസ് റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ശ്രീ. മുഹമ്മദ് അഷ്റഫിന്റെ 28 എ പ്രകാരമുള്ള അപേക്ഷ - അവാർഡ് തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.2107/2024/LSGD തീയതി, തിരുവനന്തപുരം, 05-11-2024**

പരാമർശം:-

1. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 01/06/2023-ലെ എസ്1/909/2021/ട്രിഡ (1) നമ്പർ കത്ത്.
2. സ.ഉ.(സാധാ) നം. 1546/2024/ത.സ്വ.ഭ.വ, തീയതി 19/08/2024.
3. സ.ഉ. (സാധാ) നം. 7288/2024/ധന, തീയതി 01/10/2024.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം എൻ.എച്ച്. ബൈപാസ് റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കടകംപ്പള്ളി വില്ലേജിൽ സർവ്വേ നം. 1630 (L.A.Re. Sy.No. 72/25-ൽപ്പെട്ടതും ശ്രീ. മുഹമ്മദ് അഷ്റഫിന്റെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.14 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരം കക്ഷിയായ ശ്രീ. മുഹമ്മദ് അഷ്റഫ് സമർപ്പിച്ചിരുന്ന അപേക്ഷ പരിശോധിച്ച് ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 6,61,432/- രൂപ (ആറ് ലക്ഷത്തി അറുപത്തിയൊന്നായിരത്തി നാന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) മേൽ പരാമർശിച്ച 28 എ അവാർഡ് തുകയായ 6,61,432/- രൂപ(ആറ് ലക്ഷത്തി അറുപത്തിയൊന്നായിരത്തി നാന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) ബന്ധപ്പെട്ട കക്ഷിക്ക് അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകി ഉത്തരവാകുകയും പരാമർശം (3) പ്രകാരം 4217-60-800-93-Payment of Compensation in LAR Cases (Plan Charged) എന്ന ശീർഷകത്തിൽ 6,62,000/- രൂപ അധികധനാനുമതിയായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

3 ) മേൽ പ്രകാരമുള്ള ഭരണാനുമതി ഉത്തരവിന്റെയും അധിക ധനാനുമതിയുടെയും അടിസ്ഥാനത്തിൽ ജി.ജി. ഹോസ്പിറ്റൽ - കുമാരപുരം - പൂന്തി - അണമുഖം എൻ.എച്ച്. ബൈപാസ് റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കടകംപ്പള്ളി വില്ലേജിൽ സർവ്വേ നം. 1630 (L.A.Re. Sy.No. 72/25)-ൽപ്പെട്ടതും ശ്രീ. മുഹമ്മദ് അഷ്റഫിന്റെ

ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.14 ആർ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് പൊന്നുംവില നിയമം സെക്ഷൻ 28A പ്രകാരം കക്ഷിയായ ശ്രീ. മുഹമ്മദ് അഷ്റഫ് സമർപ്പിച്ചിരുന്ന അപേക്ഷ പരിശോധിച്ച് ജില്ലാ കളക്ടർ പാസ്സാക്കിയ അവാർഡ് തുകയായ 6,61,432/- രൂപ (ആറ് ലക്ഷത്തി അറുപത്തിയൊന്നായിരത്തി നാന്നൂറ്റി മുപ്പത്തിരണ്ട് രൂപ മാത്രം) 4217 CAPITAL OUTLAY ON URBAN DEVELOPMENT - 60 OTHER URBAN DEVELOPMENT SCHEMES - 800 OTHER EXPENDITURE - 93 Payment of compensation in LAR Cases (Plan - Charged) എന്ന ശീർഷകത്തിൽ നിന്നും ശ്രീ. മുഹമ്മദ് അഷ്റഫ് (പ്ലാവിള പുത്തൻവീട്, N.P.5/63, മുക്കട, നാവിയിക്കുളം, മരുതിക്കുന്ന് പി.ഒ., തിരുവനന്തപുരം) എന്ന കക്ഷിക്ക് റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

4) പരാമർശം (3) പ്രകാരം മേൽ ചെലവിന്റെ ക്രമീകരണത്തിലുള്ള ഉപധനാഭ്യർത്ഥന ശിപാർശ യഥാസമയം ലഭ്യമാക്കി തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ നടപടി സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

ജോയിന്റ് സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
സെക്രട്ടറി,തിരുവനന്തപുരം വികസന അതോറിറ്റി.
ശ്രീ. മുഹമ്മദ് അഷ്റഫ്, പ്ലാവിള പുത്തൻവീട്, N.P.5/63, മുക്കട, നാവിയിക്കുളം, മരുതിക്കുന്ന് പി.ഒ., തിരുവനന്തപുരം, (ജില്ലാ കളക്ടർ മുഖാന്തിരം).
സ്പെഷ്യൽ ഓഫീസർ. സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (No.WCD-3/35/023-Fin dated 13/10/2024)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,
ഐ & പി. ആർ. ഡി. (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ1/202 /2024/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 06-11-2024 12:43:47
സെക്ഷൻ ഓഫീസർ